"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 15-05-2020

## സർക്കുലർ നം 42

ജയിലുകൾ - ജലസംരക്ഷണം, മത്സ്യകൃഷി, മഴവെള്ള സംഭരണം എന്നിവ മുൻ നിർത്തി ജയിലുകളിൽ കുളങ്ങൾ നിർമ്മിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

..........................................

ജയിൽ വകുപ്പിൽ 55 ഓളം സ്ഥാപനങ്ങൾ അന്തേവാസികളോട് കൂടി പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും സ്ഥല പരിമിതിയുണ്ട്. ജയിലുകളിലെ സ്വാഭാവിക ജല സ്ത്രോതസുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുവാനും ജല സംരക്ഷണം സംബന്ധിച്ചും മൽസ്യ കൃഷി സംബന്ധിച്ചും അന്തേവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഒരളവ് വരെ മഴവെള്ളം സംഭരിക്കുന്നതിനുമായി കുളങ്ങൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും സഹായകരമായിരിക്കും.

കഴിഞ്ഞ വർഷങ്ങളിൽ ചീമേനി തുറന്ന ജയിലിൽ അന്തേവാസികളുടെ സഹായത്തോടെ കുളം നിർമ്മിച്ചിരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിലും, വിയ്യൂർ സെൻട്രൽ ജയിലിലും, കണ്ണൂർ സെൻട്രൽ ജയിലിലും കുളങ്ങൾ പരിപാലിച്ച് വരുന്നുണ്ട്. ചീമേനി/ നെട്ടുകാൽത്തേരി തുറന്ന ജയിലുകളിൽ ഡാം നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. അതിനാൽ ജലസംരക്ഷണം, മത്സ്യകൃഷി, മഴവെള്ള സംഭരണം എന്നിവ മുൻ നിർത്തി ജയിലുകളിൽ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിലവിലെ ഡാമിന്റെ ശേഷി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഒപ്പം ഗ്രൗണ്ടിന് താഴെയുള്ള സ്ഥലത്ത് പുതിയ കുളം നിർമ്മിക്കാൻ സാധിച്ചേക്കും.
- വിയ്യൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിന്റെ പഴയ ക്വാർട്ടേഴ്സിന്റെ സമീപത്തെ കുളം വലിപ്പം കൂട്ടി സംരക്ഷിക്കാവുന്നതാണ്.
- തിരുവനന്തപുരം സെൻട്രൽ ജയിലിൽ പല്ലിക്കുഴി ഭാഗത്തെ ചതുപ്പ് ജലാശയമാക്കി മാറ്റാൻ കഴിയും.
- കണ്ണൂർ സെൻട്രൽ ജയിലിൽ തോട്ടത്തിൽ കുളത്തിന് സ്ഥലം കണ്ടെത്താവുന്നതാണ്.
- ചീമേനി തുറന്ന ജയിലിലെ വെട്ടുകല്ലുകുഴി കുളമാക്കി മാറ്റുവാൻ ശ്രമിക്കാവുന്നതാണ്.

മേൽപ്പറഞ്ഞത് ഒരു നിർദ്ദേശമായി കണക്കാക്കി സ്ഥല സൌകര്യമുള്ള ജയിലുകളിൽ കുളം നിർമ്മിക്കുന്നത് ഒരു ചലഞ്ചായി ഏറ്റെടുക്കാൻ എല്ലാ സ്ഥാപനമേധാവികളും നടപടി സ്വീകരിക്കേണ്ടതാണ്.

കണ്ണൂർ സെൻട്രൽ ജയിൽ, തിരുവനന്തപുരം സെൻട്രൽ ജയിൽ, വിയ്യൂർ സെൻട്രൽ ജയിൽ, വിയ്യൂർ അതീവ സുരക്ഷാ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, ഇടുക്കി ജില്ലാ ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ, നെട്ടുകാൽത്തേരി തുറന്ന ജയിൽ എന്നീ സ്ഥാപനങ്ങൾ തടവുകാരുടെ സേവനമുപയോഗിച്ച് ജല സംരക്ഷണം, മൽസ്യ കൃഷി, മഴവെള്ള സംഭരണം എന്നിവ മുൻനിർത്തി ചിലവ് കുറഞ്ഞ നിലയിൽ സൌകര്യ പ്രദമായ അളവിൽ കുളങ്ങൾ നിർമ്മിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

P5-10774/2020/PrHQ
6acd13

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : പി.ഒ / സൂപ്രണ്ട് (പി) / സി.എ ടു ഡി.ജി.പി&സി.എസ് / സി.എ ടു ഡി.ഐ.ജി (HQ)